"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുഭരണം - സാമൂഹിക സന്നദ്ധസേനയ്ക്ക് നടപ്പ് സാമ്പത്തിക വർഷം (2023-24) വിവിധ പദ്ധതികൾക്കായി വകയിരുത്തിയതിൽ ആദ്യ ഗഡുവായി ഇരുപത് ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.3837/2023/GAD തീയതി,തിരുവനന്തപുരം, 17-08-2023

---

പരാമർശം:-

1. സ.ഉ(സാധ)നം.2970/2023/പൊഭവ തീയതി 03.07.2023.
2. സാമൂഹിക സന്നദ്ധസേന ഡയറക്ടറുടെ 11.07.2023 ലെ DSSS/05/2023(AS) നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റിന് നടപ്പ് സാമ്പത്തിക വർഷം (2023-24) വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ (അൻപത് ലക്ഷം രൂപ മാത്രം) 2053-00-094-37-34-3(P) എന്ന ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി ഡയറക്ടർക്ക് നൽകിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയത് പ്രകാരം പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആദ്യ ഗഡുവായി 30,57,750/- രൂപ അനുവദിച്ച് നൽകുവാൻ പരാമർശം 2 പ്രകാരം ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റിന് നടപ്പ് സാമ്പത്തിക വർഷം (2023-24) വിവിധ പദ്ധതികൾ ഭരണാനുമതി പ്രകാരം നടപ്പിലാക്കുന്നതിന് ആദ്യ ഗഡുവായി 20 ലക്ഷം രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) 2053-00-094-37-34-3(P) എന്ന ശീർഷകത്തിൽ നിന്നും പരാമർശം 1 പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുഭരണ (ഏകോപനം) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 2053-00-094-37-34-3(P) എന്ന ശീർഷകത്തിൽ നിന്നും 20 ലക്ഷം രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) പിൻവലിച്ച് സാമൂഹിക സന്നദ്ധസേന ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (PSTSB acct no- 799012700002291) കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാമൂഹിക സന്നദ്ധസേന, അനക്സ് - I, ഗവ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (11.08.2023- ലെ EXP-A2/416/2023/Fin നമ്പർ പ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (അറിവിലേക്കായി)
ഡെപ്യൂട്ടി സെക്രട്ടറി,പൊതുഭരണ (ഏകോപനം) വകുപ്പ് ( 3 പകർപ്പുകൾ സഹിതം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sreekumar T
സെക്ഷൻ ഓഫീസർ
Date: 18-08-2023 10:33:35

പകർപ്പ് - പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്